**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1485** **08-12-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ പ്രവർത്തിച്ചുവരുന്ന പ്രീ പ്രൈമറി ക്ലാസുകളിലെ അധ്യാപികമാരുടെ വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർക്കാർ - എയ്ഡഡ് സ്കൂളുകളിൽ പ്രവർത്തിച്ചുവരുന്ന പ്രീ പ്രൈമറി ക്ലാസുകളിലെ അധ്യാപികമാർക്കും ആയമാർക്കും വേതനം നൽകുന്നതിന് രക്ഷിതാക്കളിൽ നിന്നും ഫീസ് വാങ്ങേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | പൊതുവിദ്യാലയങ്ങളിൽ കൂടുതൽ വിദ്യാർത്ഥികൾ പ്രവേശനം തേടുന്നത് ഈ വിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്ന പ്രീ പ്രൈമറി ക്ലാസുകൾ കൂടുതലായി രക്ഷിതാക്കൾ പ്രയോജനപ്പെടുത്തുന്നതിനാലാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | പ്രീ പ്രൈമറി സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും ഫീസ് ഈടാക്കി പഠിപ്പിക്കുന്നത് ഒഴിവാക്കുന്നത് ഉചിതമായിരിക്കും എന്നത് പരിശോധിക്കുമോ; | (സി) | സർക്കാർ സ്കൂളുകളിൽ പി.എസ്.സി മുഖേന നിയമിതരായതും സർക്കാർ വേതനം നൽകിവരുന്നതുമായ 49 അദ്ധ്യാപകരും, 39 ആയമാരും ജോലി ചെയ്യുന്നുണ്ട്. സർക്കാർ സ്കൂളുകളിൽ 2012 ന് മുമ്പ് ആരംഭിച്ചതും നിലവിൽ പ്രവർത്തിച്ചുവരുന്നതുമായ പ്രീ പ്രൈമറി വിഭാഗത്തിലെ 2864 അദ്ധ്യാപകർക്കും 1965 ആയമാർക്കും സർക്കാർ ഓണറേറിയം നൽകി വരുന്നു. 2012 ന് ശേഷം പ്രീ പ്രൈമറി വിഭാഗം ആരംഭിക്കരുത് എന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും സ്കൂളുകളുടെ നിലനിൽപ്പിന്റെ ഭാഗമായി പ്രീ പ്രൈമറി വിഭാഗം അതാത് പി.റ്റി.എകൾ ആരംഭിക്കുകയും,അപ്രകാരം നിയമിതരായവർക്ക് പി.റ്റി.എ വേതനം നൽകി വരികയും ചെയ്യുന്നുണ്ട് |
| (ഡി) | വിവിധ സർക്കാർ സ്കൂളുകളിൽ പ്രീപ്രൈമറി അധ്യാപകരും ആയമാരും ആയി എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്നും; ഇതിൽ എത്രപേർക്ക് സർക്കാർ വേതനം നൽകുന്നു എന്നത് സംബന്ധിച്ചും വിശദാംശം നൽകുമോ? | (ഡി) | സർക്കാർ സ്കൂളുകളിൽ പി.എസ്.സി മുഖേന നിയമിതരായതും സർക്കാർ വേതനം നൽകിവരുന്നതുമായ 49 അദ്ധ്യാപകരും, 39 ആയമാരും ജോലി ചെയ്യുന്നുണ്ട്. സർക്കാർ സ്കൂളുകളിൽ 2012 ന് മുമ്പ് ആരംഭിച്ചതും നിലവിൽ |

| | | | |
|---|---|---|---|
| | | | പ്രവർത്തിച്ചുവരുന്നതുമായ പ്രീ പ്രൈമറി വിഭാഗത്തിലെ 2864 അദ്ധ്യാപകർക്കും 1965 ആയമാർക്കും സർക്കാർ ഓണറേറിയം നൽകി വരുന്നു. 2012 ന് ശേഷം പ്രീ പ്രൈമറി വിഭാഗം ആരംഭിക്കരുത് എന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും സ്കൂളുകളുടെ നിലനിൽപ്പിന്റെ ഭാഗമായി പ്രീ പ്രൈമറി വിഭാഗം അതാത് പി.റ്റി.എകൾ ആരംഭിക്കുകയും,അപ്രകാരം നിയമിതരായവർക്ക് പി.റ്റി.എ വേതനം നൽകി വരികയും ചെയ്യുന്നുണ്ട് |

സെക്ഷൻ ഓഫീസർ